"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവ.സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും, സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി രൂപീകരിച്ച കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങളൊരുക്കുന്നതിന് സീമാറ്റ് കേരളയുടെ പ്ലാൻ ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ജെ ) വകുപ്പ്

സ.ഉ.(സാധാ) നം.4309/2022/GEDN തീയതി,തിരുവനന്തപുരം, 23-07-2022

---

പരാമർശം:-

1. 20/11/2019-ലെ സ.ഉ(സാധാ)നം.4976/2019/പൊ.വി.വ നമ്പർ ഉത്തരവ്
2. 23/02/2022-ലെ സ.ഉ(സാധാ)നം.1030/2022/പൊ.വി.വ നമ്പർ ഉത്തരവ്
3. സീമാറ്റ് കേരള ഡയറക്ടറുടെ 25/03/2022 ലെ സീമാറ്റ് /എ ഡി ബി 2/191/2022 നമ്പർ കത്ത്

**ഉത്തരവ്**

ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ പുനർവിന്യാസം, സ്പെഷ്യൽ റൂളുകൾ തയ്യാറാക്കൽ, വിദഗ്ധ സമിതിയുമായി ബന്ധപ്പെട്ട കോടതി കേസുകൾ, കെ.ഇ.ആർ ഭേദഗതികൾ, വിവരാവകാശ അപേക്ഷകൾ എന്നീ ജോലികൾ നിർവഹിക്കുന്നതിനായി ഗവ.സെക്രട്ടറിയേറ്റിൽ ഒരു പ്രത്യേക സെൽ പരാമർശം 1 പ്രകാരം രൂപീകരിക്കുകയും ഈ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും, സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും, കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താൻ സീമാറ്റ് കേരളയുടെ ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2. കോർ കമ്മിറ്റിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി വിവിധ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും ഖാദർ കമ്മിറ്റിയുടെയും കോർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ സീമാറ്റ് കേരളയാണ് വഹിക്കേണ്ടതെന്നതിനാൽ കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി സീമാറ്റ് കേരളയുടെ പ്ലാൻ ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അനുമതി നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് സീമാറ്റ് കേരള ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ

പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സീമാറ്റ്-കേരള ഡയറക്ടറുടെ പരാമർശം (3) പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ താഴെപ്പറയും പ്രകാരമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് സീമാറ്റ്-കേരളയെ ചുമതലപ്പെടുത്തുന്നു:

i) ഓഫീസ് സൗകര്യം ഒരുക്കേണ്ടതും ഫർണിച്ചറും കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും നൽകേണ്ടതുമാണ്.

ii) ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഡി.റ്റി.പി ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതാണ്.

iii) സമിതി പ്രവർത്തനത്തിനായി കൺവീനർ ആവശ്യപ്പെടുന്നതനുസരിച്ച് ഒരു വാഹനം ക്രമീകരിക്കേണ്ടതാണ്.

iv) സമിതി പ്രവർത്തനങ്ങളുടെ ഭാഗമായി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ/ കൺസൾട്ടേഷനുകൾ എന്നിവ നടത്തുന്നതിനും ഇതിനായി കൈപുസ്തകങ്ങളും മാർഗ്ഗരേഖകളും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

v) സമിതിയുടെ പ്രവർത്തനങ്ങളുടെ മുഴുവൻ സാമ്പത്തിക ചെലവുകളും സീമാറ്റ് കേരള വഹിക്കേണ്ടതാണ്.

കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മേൽ പറഞ്ഞ പ്രകാരമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനും ടി.എ/ഡി.എ യും സിറ്റിംഗ് ഫീസും നൽകുന്നതിനും ശില്പശാലകളും കൺസൾട്ടേഷനുകളും നടത്തുന്നതിനും കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനും ഡി.റ്റി.പി ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിനും, വാഹന സൗകര്യം ഒരുക്കുന്നതിനും മറ്റും സീമാറ്റ് കേരളയുടെ പ്ലാൻ ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കോർ കമ്മിറ്റി അംഗങ്ങൾക്ക് ടി.എ, ഡി.എ, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ഡയറക്ടർ പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്-കേരള, എം ജി റോഡ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം
ഡയറക്ടർ, എസ് സി ഇ ആർ ടി, പൂജപ്പുര, തിരുവനന്തപുരം
കോർ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും (ഡയറക്ടർ സീമാറ്റ് കേരള മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by N.k. Sheena**
**Date: 25-07-2022 11:38:56**
സെക്ഷൻ ഓഫീസർ